**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 929** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഇക്കോ ടൂറിസം വികസന അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു, ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, ശ്രീ. എ. പ്രഭാകരൻ, ശ്രീ. കെ. ആൻസലൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇക്കോ ടൂറിസത്തിന്റെ സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; പ്രകൃതി അടിസ്ഥാനമാക്കിയുള്ള വിനോദ സഞ്ചാരത്തിന്റെ ഭാഗമെന്ന നിലയിൽ ഇത് സംസ്ഥാനത്തിന് എത്രത്തോളം ഗുണകരമാകും എന്നറിയിക്കുമോ; വിശദാംശം നൽകുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്<br><br>സംസ്ഥാനത്തെ ഇക്കോ ടൂറിസം സാധ്യതകൾ വിലയിരുത്തിക്കൊണ്ട് നിലവിൽ കേരള വനം വകുപ്പിനു കീഴിൽ **80** ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. പരിസ്ഥിതി സൗഹൃദ ടൂറിസം എന്നറിയപ്പെടുന്ന ഇക്കോ ടൂറിസം, സംരക്ഷിത പ്രദേശങ്ങളിലേക്കുള്ള ഉത്തരവാദിത്തത്തോട് കൂടിയ യാത്രകളാണ്. ഇക്കോ ടൂറിസം പരിസ്ഥിതി സംരക്ഷണത്തിനോടൊപ്പം പ്രാദേശിക സമൂഹങ്ങളുടെ തൊഴിൽപരവും സാമ്പത്തിക വികസനത്തിനും ശാക്തീകരണത്തിനും പ്രയോജനം ചെയ്യുകയും ചെയ്യുന്നു. വന മേഖലകളിൽ താമസിക്കുന്ന ആദിവാസി ഗോത്ര വിഭാഗങ്ങളിൽപ്പെട്ടതും മറ്റ് വനാശ്രിതരായ ആളുകൾക്കും ഇക്കോടൂറിസം, വനശ്രീ ഇക്കോഷോപ്പുകൾ, കഫറ്റീരിയകൾ എന്നിവ മുഖേന തൊഴിൽ അവസരങ്ങൾ ലഭിക്കുകയും ആയതിലൂടെ അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുവാനും സഹായകരമാകുന്നു. **ബോട്ടിംഗ്, ട്രെക്കിംഗ് , ക്യാമ്പിംഗ്, പക്ഷിനിരീക്ഷണം തുടങ്ങിയ ഇക്കോടൂറിസം പരിപാടികൾ ആസ്വദിക്കുന്നതിനും പങ്കെടുക്കുന്നതിനുമായി വർഷംതോറും നിരവധി ദേശീട അന്തർദേശീയ ടൂറിസ്റ്റുകൾ വന്നുചേരുന്നുണ്ട്. അത് പ്രാദേശിക സമ്പത്ത് വ്യവസ്ഥയ്ക്ക് ഗുണം നൽകുന്നു.** കൂടാതെ ഇവരിൽനിന്നും പ്രവേശന ഫീസ്, പാർക്കിംഗ് ഫീസ് എന്നിവ ഈടാക്കുന്നതിലൂടെയും വരുമാനം ലഭിക്കുന്നുമുണ്ട്. |
| (ബി) | ഇക്കോ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി പ്രത്യേക വികസന | (ബി) | ഇക്കോ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി കേരള ഇക്കോ |

| | | | |
|---|---|---|---|
| | അതോറിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | | ടൂറിസം ഡെവലപ്പ്മെന്റ് ബോർഡ് രൂപീകരിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു.<br><br>ഇക്കോ ടൂറിസം പോളിസിയുടെ നടത്തിപ്പ്, അതിന്റെ മേൽ നോട്ടം, പുതിയ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ പരിപോഷിപ്പിക്കുന്നതിനും കൂടുതൽ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുക തുടങ്ങിയവയാണ് അതിലൂടെ ലക്ഷ്യമിടുന്നത്. അതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത അതോറിറ്റി വഴി എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | ഇക്കോ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി കേരള ഇക്കോ ടൂറിസം ഡെവലപ്പ്മെന്റ് ബോർഡ് രൂപീകരിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു.<br><br>ഇക്കോ ടൂറിസം പോളിസിയുടെ നടത്തിപ്പ്, അതിന്റെ മേൽ നോട്ടം, പുതിയ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ പരിപോഷിപ്പിക്കുന്നതിനും കൂടുതൽ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുക തുടങ്ങിയവയാണ് അതിലൂടെ ലക്ഷ്യമിടുന്നത്. അതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ